**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3549** **05-08-2021 - ൽ മറുപടിയ്ക്ക്**

**സ്വയം തൊഴിൽ പ്രോത്സാഹനത്തിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പ് സ്വയം തൊഴിൽ പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | കേരളത്തിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിനും സ്വയം തൊഴിൽ പ്രോത്സാപ്പിക്കുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ വഴി നടപ്പിലാക്കി വരുന്നുണ്ട്. അവ ചുവടെ കൊടുക്കുന്നു : 1. സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. 2. സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. 3. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു. 4. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനുമായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തി വരുന്നു. 5. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു. കൂടാതെ സ്വയം തൊഴിൽ പ്രോത്സാഹനത്തിന്റെ ഭാഗമായി നൂതന ആശയങ്ങളുമായി വരുന്ന യുവ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന ധന സഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു. സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് കരകൗശല മേഖലയിലെ വിദഗ്ധർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അസിസ്റ്റൻസ് സ്കീം |

| | | | |
|---|---|---|---|
| | | | ഫോർ ഹാൻഡിക്രാഫ്റ്റ് ആർട്ടിസാൻസ് (ആഷ) പദ്ധതിയിലൂടെ സഹായങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ